
# സമഗ്ര വിദ്യാലയ
# വികസന രേഖ

## അക്കാദമിക മാസ്റ്റർ പ്ലാൻ

സെന്റ്. ജോർജ്ജ് എൽ.പി
സ്കൂൾ പഴങ്ങാട്
കുമ്പളങ്ങി 2025 2026



# ഉള്ളടക്കം


* അടിസ്ഥാന വിവരങ്ങൾ
* പ്രധാന നേട്ടങ്ങൾ
* വിദ്യാലയത്തിന്റെ ലഘു ചരിത്രം
* നിലവിലെ അവസ്ഥാവിശകലനം
* ലക്ഷ്യങ്ങൾ
* വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
* ഭൗതിക സാഹചര്യങ്ങൾ
* പ്രവർത്തനങ്ങൾ
* പദ്ധതി – വിശദാംശങ്ങൾ
* പ്രതീക്ഷിത നേട്ടങ്ങൾ
* മോണിറ്ററിംഗ് ടീം
* ഉപസംഹാരം.

# സെന്റ്. ജോർജ്ജ്. എൽ. പി. എസ്. പഴങ്ങാട്

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| | : സെന്റ്. ജോർജ്ജ് LPS |
| വിലാസം | : പഴങ്ങാട്, കുമ്പളങ്ങി - 682007 |
| വിദ്യാഭ്യാസ ജില്ല | : എറണാകുളം |
| ഉപജില്ല | : മട്ടാഞ്ചേരി |
| ബി. ആർ. സി | : മട്ടാഞ്ചേരി |
| സി. ആർ. സി | : മട്ടാഞ്ചേരി |
| U-ഡയസ് കോഡ് | : |
| സ്കൂൾ കോഡ് | : 26325 |
| ഫോൺ നമ്പർ | : 04842248990 |
| " H.M | : 9995420871 |
| സ്കൂൾ സ്ഥാപിച്ച വർഷം | : 1890 |
| നിയോജകമണ്ഡലം | : കൊച്ചി |
| പാർലമെന്റ് നിയോജകമണ്ഡലം | :- എറണാകുളം |
| ബ്ലോക്ക് | : പള്ളുരുത്തി |
| താലൂക്ക് | : കൊച്ചി |
| പഞ്ചായത്ത് | : കുമ്പളങ്ങി, വാർഡ് 10 |
| ഇ. മെയിൽ വിലാസം | : stgeorgeslpspazhangad@gmail.com |
| കുട്ടികൾ: ആൺ/ പെൺ/ രണ്ടുംകൂടിയത് | : രണ്ടും കൂടിയത് |
| സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് | : എയ്ഡഡ് |
| ക്ലാസ്സ് [സ്റ്റാൻഡേർഡ്] | : 1 മുതൽ 4 വരെ |

# ആമുഖം

കൊച്ചി തുറമുഖത്തിന്റെ തെക്കു ഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണ് കുമ്പളങ്ങി. ഇവിടെ ജീവിച്ചിരുന്നവരിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളായിരുന്നു. ക്രിസ്ത്യാനികൾക്ക് തങ്ങളുടെ മതപരമായ കാര്യങ്ങൾ നിർവ്വഹിക്കാൻ സെന്റ്. ലോറൻസ് പള്ളിയിൽ പോകണമായിരുന്നു. വിദ്യാലയം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പോർച്ചുഗീസ് മിഷനറിമാർ മതപ്രചാരണാർത്ഥം ഇവിടെക്കൂടി സഞ്ചരിച്ചിരുന്നു. അവർ സ്ഥാപിച്ച കുരിശാണ് കുരിശുപള്ളിയായ് പിന്നീട് പരിണമിച്ചത്.

'പള്ളിയോടൊപ്പം പള്ളിക്കൂടവും' എന്ന ആശയം മുൻനിർത്തിക്കൊണ്ട് 1890 ൽ സെന്റ്. ജോർജ്ജ് എൽ. പി. സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം സ്ഥാപിതമായി. ജാതിമതഭേദമന്യേ അനേകം കുട്ടികൾ ഇവിടെ വിദ്യ അഭ്യസിച്ചു. കുമ്പളങ്ങിയുടെ അഭിമാനമായി ഈ വിദ്യാലയം ഇന്നും നിലകൊള്ളുന്നു.

136-ാം വർഷത്തിലേക്ക് കടക്കുന്ന ഈ വിദ്യാലയത്തിൽ ഒന്നു മുതൽ നാല് വരെ ക്ലാസുകളാണുള്ളത്. ഇതിനൊപ്പം LKG, UKG എന്നി ക്ലാസുകളും പ്രവർത്തിച്ചുപോരുന്നു. അധ്യാപകരെ കൂടാതെ നാല് ഇതര ജീവനക്കാർ കൂടി ഇവിടെ ജോലി ചെയ്യുന്നുണ്ട്. ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചുപോയ വിദ്യാർത്ഥികൾ ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്നുണ്ടെന്ന വസ്തുത എടുത്തു പറയത്തക്കതാണ്.

പാഠ്യേതര പ്രവർത്തനങ്ങളിലും വളരെയധികം മികവ് പുലർത്താൻ ഇവിടത്തെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. കലാ - കായിക പ്രവൃത്തി പരിചയ മേളകളിൽ എല്ലാ വർഷവും പങ്കെടുക്കുവാനും വിജയങ്ങൾ നേടാനും കഴിഞ്ഞിട്ടുണ്ട് എന്നത് ഈ വിദ്യാലയത്തിന്റെ അഭിമാനത്തിന് മാറ്റ് കൂട്ടുന്നു.

ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് അടുക്കള, ടോയ്‌ലറ്റ് സൗകര്യങ്ങൾ, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, പാർക്ക് എന്നിവയെല്ലാം വിദ്യാലയത്തിന്റെ

ഭൗതിക സൗകര്യങ്ങളിൽപ്പെടുന്നു.

കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ മികവ് വർധിപ്പിക്കുന്നതിനായി സംഗീതം, യോഗ/സൂംബ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കമ്പ്യൂട്ടർ പരിശീലനം എന്നിവ കൂടുതലായി നൽകിവരുന്നു. മാസത്തിലൊരിക്കൽ കുട്ടികളെ പേപ്പർ ബാഗ് നിർമ്മാണം പോലുള്ള കൈത്തൊഴിലുകളും ഇതോടൊപ്പം പഠിപ്പിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

* അക്കാദമിക മികവ് നേടുക.
* കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പഠനാന്തരീക്ഷവും ഭൗതിക സൗകര്യങ്ങളുമൊരുക്കൽ.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാനായി അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
* ഐ.ടി അധിഷ്ഠിതമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ചെയ്യുന്നതിന് സ്മാർട്ട് ക്ലാസ്റൂം ലാപ്ടോപ്പുകൾ, സ്മാർട്ട് ബോർഡ്

മണ്ണിര സജ്ജീകരിക്കൽ.

* ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

1. പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും ഉൾപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
3. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

## അക്കാദമിക നേട്ടങ്ങൾ

* കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ.
* LSS അവാർഡ്.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനം.
* ബെസ്റ്റ് സ്കൂൾ അവാർഡ്.

## അക്കാദമിക പരിമിതികൾ

* പ്രത്യേക ലൈബ്രറി റീഡിങ്ങ് റൂം സൗകര്യങ്ങളില്ല.
* 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.

## ഭൗതിക പരിമിതികൾ

* റിസോഴ്സ് റൂമുകളുടെ അഭാവം.
* ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
* പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു.

## സാമൂഹിക പരിമിതികൾ

* വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
* കലാ - കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ എല്ലാ പ്രതിഭകളുടെയും സഹായം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• വായന പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• പ്രഭാത പോഷണ പരിപാടി<br>• ജൈവ വൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• കലാ കായിക മേള<br>• ഐ.ടി. പരിശീലനം<br>• ക്ലാസ് പി.ടി.എ സജീവമാക്കൽ<br>• സ്കൂൾ പത്രം<br>• എസ്.ആർ.ജി ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• മെഡിക്കൽ ക്യാമ്പ്<br>• ടേം മൂല്യനിർണ്ണയം/ നിരന്തര വിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം<br>• പ്രവൃത്തി പരിചയ പഠനം | • കളിസ്ഥലം<br>• ലൈബ്രറി<br>• മാലിന്യസംസ്കരണം<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്രരചന<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം. | • PTA ശക്തിപ്പെടുത്തൽ<br>• വിദ്യാലയ വികസന സമിതി ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാപനം എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>• ഭവന സന്ദർശനം.<br>• വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ. |

## പ്രവർത്തനം 1

* ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല * ഭാഷാപഠനം ഇംഗ്ലീഷ്

ലക്ഷ്യം :- ഇംഗ്ലീഷ് നന്നായി വായിക്കാനും സംസാരിക്കാനും സാധിക്കുന്ന അവസ്ഥയിലാക്കുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലൂടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷ് അനായാസം അവതരിപ്പിക്കൽ | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ |

## പ്രവർത്തനം : 2 ഇംഗ്ലീഷ്

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ക്ലാസ് ലൈബ്രറി വികസനം | ഒരു വർഷം | PTA |
| വാർത്താവായന മത്സരം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| റേഡിയോ പ്രോഗ്രാം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 3

* ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല * ഇംഗ്ലീഷ്

ലക്ഷ്യം : ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | SSA |

## പ്രവർത്തനം : 4

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ലക്ഷ്യം : ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| Let's talk<br>പ്രതിഭാധനരുമായി സംവദിക്കൽ | രണ്ടുമാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | |

## പ്രവർത്തനം : 5

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ലക്ഷ്യം : ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും അവതരിപ്പിക്കാനും

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 6

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ലക്ഷ്യം :- രചന, വായന പരിപോഷണം

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വായനാമൂല ഒരുക്കൽ | മാസത്തിൽ ഒന്ന് | ടീച്ചർ | PTA |

## പ്രവർത്തനം : 7

മേഖല : അക്കാദമികം.

ഉപമേഖല :- ഇംഗ്ലീഷ്

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| വായനാമത്സരം<br>രചനാമത്സരം | അവധിക്കാലം | ടീച്ചേഴ്സ് | രക്ഷകർത്താക്കൾ |

## പ്രവർത്തനം 8

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് - വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് സംസാരിക്കുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ആഴ്ചയിൽ ഒരു ദിവസം കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് | 1 വർഷം | അധ്യാപകർ | PTA |

പ്രവർത്തനം : 12

മേഖല : അക്കാദമികം
ഉപ മേഖല : ഭാഷ

ലക്ഷ്യം : സാഹിത്യ പ്രതിഭകളെ അടുത്തറിയാം.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| • കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ മുതൽ ഡിസംബർ | M.P.T.A ക്ലബ്ബുകൾ |

പ്രവർത്തനം : 13

മേഖല : അക്കാദമികം
ഉപ മേഖല : ഭാഷ
ലക്ഷ്യം : വായനാ പോഷണം

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പൈതൃകസമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം | നവംബർ | അധ്യാപകർ | ക്ലബ്ബ് |

പ്രവർത്തനം : 14

മേഖല : അക്കാദമികം
ഉപ മേഖല : ഭാഷ

ലക്ഷ്യം : ഡോക്യുമെന്ററിയിലൂടെ അറിവ് നേടൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | P.T.A |

## പ്രവർത്തനം 17    മേഖല : അക്കാദമികം

ഉപമേഖല : സമഗ്ര വികസനം

ലക്ഷ്യം : വിവിധ ശേഷികളുടെ വികസനം

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ഉൾപ്പെടുത്തുന്നു. സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | PTA |

## പ്രവർത്തനം 18    മേഖല : അക്കാദമികം

ഉപമേഖല : മെഡിക്കൽ ക്യാമ്പ്

ലക്ഷ്യം : ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തുക

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾക്ക് സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒരിക്കലും | എച്ച്. എം. PTA | PTA |

പ്രവർത്തനം 21 മേഖല : ഭൗതികം

ലക്ഷ്യം :- ലൈബ്രറി , ഓഫീസ് എന്നിവ ഡിജിറ്റൽ ചെയ്ത് ഭംഗിയാക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| ആകർഷകമായ വിധത്തിൽ ലൈബ്രറി , ഓഫീസ് എന്നിവ ഡിജിറ്റൽ, ടൈൽ വർക്ക് എന്നിവ ചെയ്യുക | ജൂൺ | H.M<br>PTA | സ്പോൺസർഷിപ്പ് |

പ്രവർത്തനം 22 മേഖല : ഭൗതികം.

ലക്ഷ്യം :- കുട്ടികൾക്ക് ടോയ്‌ലറ്റ് സൗകര്യം

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| കുട്ടികൾക്ക് ആവശ്യാനുസരണം സൗകര്യപ്രദമായ ടോയ്‌ലറ്റ് നിർമ്മിക്കുക | ഒക്ടോബർ ഷൈത്തി മാസത്തിൽ | H.M<br>P.TA | MLA Fund |

## പ്രവർത്തനം 23

മേഖല :- പച്ചക്കറിത്തോട്ടം

ലക്ഷ്യം :- പ്രകൃതിയെ അടുത്തറിയാൻ അവസര

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|
| സ്കൂളിൽ വിശാലമായ പച്ചക്കറിത്തോട്ടം നിർമ്മാണം, പരിപാലനം | വർഷത്തിൽ മുഴുവൻ | SRG | സ്പോൺസർഷിപ്പ് |

## പ്രവർത്തനം 24

മേഖല: അക്കാദമികം

ഉപമേഖല :- ക്ലാസ് P.T.A സജീവമാക്കൽ

ലക്ഷ്യം :- കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുക

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|
| ക്ലാസ് PTA മാസത്തിൽ ഒരിക്കൽ കൂടുന്നു. കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നു. | മാസത്തിൽ ഒരിക്കൽ | ക്ലാസ്ടീച്ചേഴ്സ് | |

## പ്രവർത്തനം : 25

മേഖല : സാമൂഹികം

ഉപമേഖല : ഗൃഹസന്ദർശനം

ലക്ഷ്യം : വിദ്യാർത്ഥികളുടെ സാമൂഹികവും, സാംസ്കാരികവും സാമ്പത്തികവുമായ പശ്ചാത്തലം വിലയിരുത്തൽ സ്കൂളിൽ പ്രവേശനം നൽകാനായി കുട്ടികളെ കണ്ടെത്തൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വീടുകൾ അധ്യാപകർ സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു. | വർഷത്തിൽ ഒരു തവണ | അധ്യാപകർ. എച്ച്.എം | പി.ടി.എ |

## പ്രവർത്തനം : 26

മേഖല : സാമൂഹികം

ഉപമേഖല : പെൺകരുത്ത്

ലക്ഷ്യം : പെൺകുട്ടികളെ എല്ലാ മേഖലകളിലും മുൻപന്തിയിലേക്ക് കൊണ്ടുവരിക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ആരോഗ്യ-കായിക പ്രവർത്തനങ്ങളിൽ പെൺകുട്ടികൾക്ക് പ്രാതിനിധ്യം നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം അധ്യാപകർ | പി.ടി.എ |

## പ്രവർത്തനം : 27

മേഖല : ഭൗതികം

ഉപമേഖല : മാലിന്യസംസ്കരണം

ലക്ഷ്യം : ശുചിത്വമുള്ള അന്തരീക്ഷമൊരുക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ജൈവ/അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | | |

## പ്രവർത്തനം : 28

മേഖല : സാമൂഹികം

ഉപമേഖല : കോർണർ പി.ടി.എ

ലക്ഷ്യം : സാമൂഹിക പങ്കാളിത്തം ഉറപ്പാക്കാൻ ഒന്നാം ക്ലാസ്, പ്രീ-പ്രൈമറി തലങ്ങളിൽ കുട്ടികളുടെ പ്രവേശനം ഉറപ്പാക്കൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| • വിദ്യാലയ പരിസരത്ത് വിവിധമേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗം ചേരൽ<br>• തൊട്ടടുത്ത അങ്കൺവാടിയിലെ കുട്ടികളുടെ മത്സരം സംഘടിപ്പിക്കൽ. സമ്മാനദാനം | | |

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

* ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* വിദ്യാലയ പ്രവേശന നിരക്ക് വർധിക്കുന്നു.
* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
* വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവണതകൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിറ്ററിംഗ് ടീം

* സ്കൂൾതലത്തിൽ അധ്യാപകർ, പി.ടി.എ, എസ്.എസ്.ജി എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുന്നു.
* ദൈനംദിന മോണിറ്ററിംഗിന് എച്ച്.എം., അധ്യാപകർ, SRG കൺവീനർ, PTA പ്രസിഡന്റ് എന്നിവർ നടത്തുന്നു.

# ഉപസംഹാരം

14 വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നമ്മുടെ ഭരണഘടന അനുശാസിക്കുന്നു. മതേതര മൂല്യാധിഷ്ഠിത കാഴ്ചപ്പാടുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുന്നതിൽ പൊതു വിദ്യാലയങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നു. അതു കൊണ്ടുതന്നെ ഏവർക്കും സൗജന്യവിദ്യാഭ്യാസം ഉറപ്പാക്കുന്ന ഈ വിദ്യാഭ്യാസരീതി നാം തുടർന്നു പോരുന്നു.